കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

നീലേശ്വരം,ഡോ.പി.കെ.രാജൻ മെമ്മോറിയൽ കാമ്പസിലെ അഞ്ചു വർഷ ഇൻറഗ്രേറ്റഡ് എം കോം പ്രോഗ്രാം യുടെ ഫീസ് നിരക്ക പരിഷ്ക്കരിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

സിംഗിൾ വിൻഡോ

SWC/SWC III/5725/2024 തീയതി: 21.06.2024

പരാമർശം:-1.അക്കാദമിക എച്ച് വിഭാഗത്തിൻറെ 25.03.2024 തീയതിയിലെ ACAD H/ACAD H3/4513/2024 നമ്പർ ഉത്തരവ്

2.20.03.2024 തീയതിയിലെ SWC/SWC III/5725/2024 നമ്പർ കത്ത്

3. 10.07.2023 തീയതിയിലെ SWC III/6323/Fee/2023 നമ്പർ ഉത്തരവ്

4 .കോമേഴ്സ് ആൻഡ് ബിസിനസ്സ് സ്റ്റഡീസ് കോഴ്സ് ഡയറക്ടറുടെ 30 .05 .2024 തീയതിയിലെ DCBS/Fee Structure/May 2024 നമ്പർ കത്ത്

5.സർവകലാശാല സ്റ്റാൻഡിങ് കമ്മിറ്റി ഫിനാൻസ് ആൻഡ് ജനറൽ അഫേഴ്സ്, ഓഫീസ്,സ്റ്റാഫ് എന്നിവ യുടെ 19.06.2024 തീയതിയിലെ തീരുമാനം

6. വൈസ് ചാൻസലറുടെ 20-6-2024-ലെ ഉത്തരവ്

ഉത്തരവ്

1.പരാമർശം (1) പ്രകാരം, സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ 2024-25 വർഷം Five Year Integrated Masters Programme in Anthropological Sciences, Five Year Integrated Masters Programme in Clinical Psychology, Five Year Integrated Masters Programme in Computational Sciences, Five Year Integrated Masters Programme in Physical Sciences എന്നീ പ്രോഗ്രാമുകൾ പുതുതായി ആരംഭിക്കുന്നതിനും, സർവകലാശാലയിൽ 2023-24 വർഷം മുതൽ നടത്തിവരുന്ന Five Year Integrated Masters of Physical Education & Sports, Five Year Integrated M.Com. പ്രോഗ്രാമുകൾ 2024-25 വർഷം തുടർന്ന് നടത്തുന്നതിനും ഉത്തരവായിരുന്നു.

2.പരാമർശം (2) പ്രകാരം, മേൽ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് ഘടന നിശ്ചയിക്കുന്നതിനായി ഫീസ് നിരക്കുകൾ ശിപാർശ ചെയ്തു നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികളോട് നിർദേശിച്ചിരുന്നു.

3. പരാമർശം (3) പ്രകാരം, Five Year Integrated M.Com. പ്രോഗ്രാമിലേക്കു നിശ്ചയിച്ച ഫീസ് വർദ്ധിച്ചതായതിനാൽ ഇതിലേക്കു വിദ്യാർത്ഥികൾ പ്രവേശനം നേടുന്നതു കുറഞ്ഞുവരുന്നതായും, കൂടാതെ ഇ-ഗ്രാന്റ്സ് ആനുകൂല്യം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികൾ ഒഴികെയുള്ളവർക്ക് ലഭിക്കാത്ത സാഹചര്യം പരിഗണിച്ചും, ഡിപ്പാർട്ടുമെന്റ് കൌൺസിൽ ശുപാർശ ചെയ്ത പരിഷ്കരിച്ച ഫീസ് നിരക്ക്, പരാമർശം (4) പ്രകാരം കോഴ്സ് ഡയറക്ടർ കൈമാറിയിട്ടുണ്ട്.

4.മേൽ കാര്യം പരിഗണിച്ചു കൊണ്ട് വിഷയം സിണ്ടിക്കേറ്റിനു മുമ്പാകെ അവതരിപ്പിക്കുന്നതിനു ഉത്തരവായിട്ടുണ്ട്.

5.നീലേശ്വരം,ഡോ.പി.കെ.രാജൻ മെമ്മോറിയൽ കാമ്പസിലെ അഞ്ചു വർഷ ഇൻറ്റഗ്രേറ്റഡ് എം.കോം. പ്രോഗ്രാം ഫീസ് നിരക്ക് കുറക്കുന്നതിനു അനുമതി നൽകികൊണ്ട് പരാമർശം (5) പ്രകാരം തീരുമാനിച്ചിരുന്നു.

6.മേൽ കാര്യങ്ങൾ വിശദമായി പരിശോധിച്ച വൈസ് ചാൻസലർ, നീലേശ്വരം, ഡോ.പി.കെ.രാജൻ മെമ്മോറിയൽ കാമ്പസിലെ അഞ്ചു വർഷ ഇൻറ്റഗ്രേറ്റഡ് എം. കോം. പ്രോഗ്രാം ഫീസ് നിരക്ക് പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

7. പരിഷ്കരിച്ച അഞ്ചു വർഷ ഇൻറ്റഗ്രേറ്റഡ് എം.കോം. പ്രോഗ്രാമിൻറെ ഫീസ് നിരക്ക് ചുവടെ ചേർക്കുന്നു.

Sl	Fee Item	Ist Semester (₹)
1	Admission Fee	1000
2	Tuition Fee(per Sem)	5000
3	Student Affiliation Fee	485
4	Library Fee (per sem)	300
5	Special Fee (per year)	320
6	Sports Affiliation Fee(per year)	300
7	University Union Fee(per year)	125
8	Student Welfare Fee(per year)	320
9	Laboratory Fee(per sem)	100
10	University Development Fund(per year) all students except SC/ST	70
11	Department Development Fund	1000
13	Alumni Fee (minimum)	100
14	Caution Deposit(Refundable)	500
	Total	**9620**

7. അതിനാൽ, നീലേശ്വരം,ഡോ.പി.കെ.രാജൻ മെമ്മോറിയൽ കാമ്പസിലെ അഞ്ചു വർഷ ഇൻറ്റഗ്രേറ്റഡ് എം.കോം. പ്രോഗ്രാം ഫീസ് നിരക്ക് 2024 അഡ്മിഷൻ മുതൽ, മുകളിൽ കൊടുത്ത പട്ടിക പ്രകാരം നിശ്ചയിച്ചുകൊണ്ടു ഉത്തരവാകുന്നു.

തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

അനിൽചന്ദ്രൻ ആർ

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:കോഴ്സ് ഡയറക്ടർ -കോമേഴ്സ് ആൻഡ് ബിസിനസ്സ് സ്റ്റഡീസ് പഠന വിഭാഗം

പകർപ്പ്: 1.FYIMP ഫീ കമ്മിറ്റി അംഗങ്ങൾക്ക്

3. വി.സി യുടെ പി എസ്

4 .പി .വി.സി/രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ

5.എൻക്വയറി

6.കരുതൽ ഫയൽ ,ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ